"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം 156/04 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.527/2025/PWD തിരുവനന്തപുരം,തീയതി, 01-04-2025

---

പരാമർശം:-
1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. സഉ(സാധാ)നം.2/2020/പൊമവ തീയതി 01.01.2020
3. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 25.03.2025 ലെ CEPWD/10993/2020-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം.156/04 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി പരാമർശം 2 ലെ ഉത്തരവ് പ്രകാരം 2,53,855/- രൂപ അനുവദിച്ചിരുന്നു. ഈ കേസിൽ ബാക്കി തുകയായ 37,343/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു.ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ 156/04 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാൻ ബാക്കിയുള്ള തുകയായ 37,343/- രൂപ (മുപ്പത്തേഴായിരത്തി മുന്നൂറ്റി നാൽപത്തിമൂന്ന് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം.
ജില്ലാകളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 01-04-2025 14:03:40
സെക്ഷൻ ഓഫീസർ